മെരിസ്റ്റിക വനപ്രദേശങ്ങൾ

99 (4139) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. കെ. മണി :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ മെരിസ്റ്റിക വനപ്രദേശങ്ങളുണ്ട് ;

(ബി) ഇവയെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(സി) വനമേഖലയിലെ എല്ലാ ചതുപ്പുപ്രദേശങ്ങളിലും ഇത്തരം വനപ്രദേശങ്ങൾ ഉണ്ടാകുമോ ;

(ഡി) ഇത്തരത്തിലുള്ള വനം വച്ചുപിടിക്കുവാൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വനം വകുപ്പിന്റെ തിരുവനന്തപുരം ഡിവിഷനിൽ ശാസ്താംനട പ്രദേശത്ത് 50 ഹെക്ടർ ചണ്ണമലവനപ്രദേശത്ത് 40 ഹെക്ടർ, കണ്ണൂർ ഡിവിഷനിൽ മട്ടന്നൂരിനടുത്ത് പൂങ്ങോട്ടുകാവിൽ 13.36 ഹെക്ടർ എന്നിങ്ങനെ സംസ്ഥാനത്താകെ 103.36 ഹെക്ടർ മെരിസ്റ്റിക വനപ്രദേശങ്ങളുണ്ട്.

(ബി) ടി പ്രദേശം വേലികെട്ടി മരം തിരിച്ചും, കേരള ഫോറസ്ട്രി പ്രൊജക്ടിന്റെ കീഴിൽ 'സ്പെഷ്യൽ ഹാബിറ്റാറ്റ് മാനേജ്മെന്റ്' പദ്ധതിയിൽ ഉൾപ്പെടുത്തിയും സംരക്ഷിച്ചു പോരുന്നു. കൂടാതെ അഗ്നിപ്രതിരോധം, മണ്ണ്-ജലസംരക്ഷണം, കന്നുകാലി മേയൽ തടയൽ, അശാസ്ത്രീയ തടിയിതര വന വിഭവശേഖരണം തടയൽ, സമീപത്തെ കുന്നുകളിലെ പ്രക്ഷീണമായ വനങ്ങളുടെ പുനരുദ്ധാരണം എന്നിവ ഏറ്റെടുത്തും നടത്തിവരുന്നുണ്ട്.

(സി) ഇല്ല. ഇതൊരു പ്രത്യേക തരം ആവാസവ്യവസ്ഥയാണ്. പശ്ചിമഘട്ടത്തിലെ നിത്യഹരിത, അർദ്ധഹരിത വനങ്ങളിലെ മലകൾക്കിടയിലെ പന്നതും വർഷം മുഴുവൻ നനവ് നിലനിർത്തുന്നതും, വെള്ളം കെട്ടിനിൽക്കുന്നതുമായ താഴ്വരകളിലാണ് ഇവ സാധാരണയായി കാണപ്പെടുന്നത്.

(ഡി) പരിശോധിച്ചിട്ടില്ല. ഇത്തരം വനപ്രദേശങ്ങൾ സ്വാഭാവികമായാണ് കണ്ടു വരുന്നത്.

ഹെർപെറ്റേറിയം

100 (4140) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ വനഡിവിഷനുകളിൽ/വന്യജീവി സങ്കേതങ്ങളിലാണ് വന്യജീവികളെ കൂട്ടിലാക്കി പ്രദർശിപ്പിക്കുന്നത് ; വിശദവിവരം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly